മ ത്താ . 4 : 1 2 – 1 7

**2023 സെപ്തംബർ 17**

# വചനസന്ദേശം

**ഫാ. മാത്യു വരിക്കാട്ടുപാടം**

# മാനസാന്തരപ്പെടുവിൻ

**യേശു** തന്റെ ദൗത്യം ആരംഭിക്കുന്നത് സ്നാപകയോഹന്നാൻ ബന്ധനസ്ഥനായതിനുശേഷമാണ്. യേശുവിനു വഴിയൊരുക്കുവാൻ വന്നവനാണ് സ്നാപകയോഹന്നാൻ. സ്നാപകയോഹന്നാൻ ബന്ധനസ്ഥനായെന്നു കേട്ടപ്പോൾ യേശു ഗലീലിയിലേക്കു പിൻവാങ്ങി. യേശു തന്റെ ദൗത്യം ആരംഭിക്കുന്നത് ഗലീലിയിൽ വച്ചാണ്. ഉത്ഥാനം ചെയ്ത യേശു ഗലീലിയിലേക്ക് പോകുമെന്നും അവിടെവച്ച് ശിഷ്യന്മാർ കാണുമെന്നും ദൂതൻ അറിയിക്കുന്നത് വി. ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. ഈശോ തന്റെ ആദ്യശിഷ്യന്മാരെ തിരഞ്ഞെടുത്തതും ഗലീലിയിൽ വച്ചായിരുന്നു.

ഈശോ നസറത്തുവിട്ട് സെബുലൂണിന്റെയും നഫ്ത്താലിയുടെയും അതിർത്തിയിൽ സമുദ്രതീരത്തുള്ള കഫർണാമിൽ ചെന്നു പാർത്തു. ഈശോ വളർന്നുവന്ന സ്ഥലമാണ് നസ്രത്ത്. അവിടെ നിന്നും പോരുന്നത് തന്റെ മേൽ നിക്ഷിപ്തമായിരിക്കുന്ന പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാനാണ്, ആ ഇഷ്ടം എന്നു പറയുന്നത് ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും വീണ്ടെടുക്കുക എന്നതാണ്. അത് അവിടുത്തെ കുരിശു-മരണ-ഉത്ഥാനത്തിലൂടെ പ്രാവർത്തികമാക്കി.

ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് ഗലീലിയിലെ കഫർണാമിലാണ്. യേശു കഫർണാമിൽ വന്നു എന്നു പറയുന്നത് പ്രവചനങ്ങളുടെ നിറവേറലാണ്. അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു. ഈജിപ്തിന്റെ അടിമത്തത്തിലും പിന്നീട് ബാബിലോൺ പ്രവാസത്തിലും കഴിഞ്ഞിരുന്ന ജനം അന്ധകാരത്തിലായിരുന്നു. യാഹ്‌വേ അവർക്ക് ജ്വലിക്കുന്ന, പ്രകാശംവീശുന്ന രക്ഷകനായി മാറി. ഇവിടെ ഈശോ വന്നിരിക്കുന്നത് ജനങ്ങൾക്ക് പ്രകാശമായാണ്. ഈശോ ഈ ലോകത്തിന്റെ പ്രകാശമാണ്. അവിടുത്തെ അനുഗമിക്കുന്നവർ ഒരിക്കലും അന്ധകാരത്തിൽ നടക്കില്ല.

പാപാന്ധകാരം നിറഞ്ഞ നമ്മിൽ യഥാർത്ഥ വെളിച്ചം നല്കുവാൻ വന്നവനാണ് ഈശോ. അവിടുത്തെ അനുഗമിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ അനുഗമിക്കുമ്പോഴാണ് നാം അന്ധകാരത്തിൽ വ്യാപരിക്കാതിരിക്കുന്നത്. അതുകൊണ്ട് നമ്മിലെ അന്ധകാരത്തെ കണ്ടെത്തുവാനും ഇല്ലായ്മ ചെയ്യുവാനും ക്രിസ്തുവിനേ കഴിയൂ. ഈശോ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ്. അവിടുത്തെ വചനത്തിൽ നാം ആഴമായി വിശ്വസിക്കുകയും അത് നമ്മുടെ ഹൃദയത്തിൽ സംഗ്രഹിക്കുകയും വേണം.

മാനസാന്തരപ്പെടുവിൻ എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് യേശു പറയുമ്പോൾ അത് പാപം ഉപേക്ഷിച്ച് പുതിയ സൃഷ്ടിയിലേക്കുള്ള ഒരു കടന്നുവരലാണ്. ഒരു വ്യക്തി അയാൾ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിരിക്കേണ്ട അവസ്ഥയിലേക്കു നടത്തുന്ന യാത്രയാണ് മാനസാന്തരം. ദൈവകൃപയോടുകൂടി നടക്കേണ്ട ഒന്നാണ് നമ്മിലെ മാനസാന്തരം. ഇതിനായി നാം ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ടതുണ്ട്. മാനസാന്തരത്തിലേക്കു കടന്നുവരാൻ ആഗ്രഹിക്കുന്ന വ്യക്തി എപ്പോഴും തേടേണ്ടത് തന്റെ ഇഷ്ടമല്ല മറിച്ച് ദൈവത്തിന്റെ ഇഷ്ടമാണ്. ദൈവത്തിങ്കലേക്ക് ഒരു വ്യക്തി കടന്നുവരാൻ ആദ്യം അവനിൽ ഉണ്ടാകേണ്ടതാണ് മാനസാന്തരം.
മാനസാന്തരപ്പെടാത്ത മനസ്സ് പിശാചിന് അടിമപ്പെട്ടിരിക്കുന്നതാണ്. നമ്മെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുമ്പോഴാണ് തിന്മയുടെ പിടിയിൽ നിന്നും നമുക്ക് മാറുവാൻ സാധിക്കുന്നത്. മാനസാന്തരത്തിന്റെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമുക്ക് സാധിക്കണം. നമ്മിലെ മാനസാന്തരം അനേകായിരങ്ങൾക്ക് വെളിച്ചമായി മാറും. മറ്റുള്ളവരെ പൂർണ്ണമായിട്ടുള്ള ഒരു മാനസാന്തരത്തിലേക്കു കൊണ്ടുവരാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. എ